## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

### പ്രവചന കാലയളവ് 31.12.2025 മുതൽ 04.01.2026 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 52/2025 (104) ചൊവ്വാഴ്ച | തീയ്യതി 30/12/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 31.12.2025 | 01.01.2026 | 02.01.2026 | 03.01.2026 | 04.01.2026 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.2 | 0.2 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 4 | 4 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 290 | 290 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 5 | 8 | 5 | 5 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതുനിർദേശങ്ങൾ:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) പൂക്കുന്ന പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | 20ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്. |
| പച്ചക്കറികൾ | മണ്ഡരി | രണ്ടുശതമാനം വേപ്പെണ്ണവെളുത്തുള്ളിമിശ്രിതം അല്ലെങ്കിൽ വേപ്പധിഷ്ഠിത കീടനാശിനികൾ അസാഡിറാക്ടിൻ 0.004% (4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) അല്ലെങ്കിൽ വെറ്റബിൾ സൾഫർ 0.4 % തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാകുമ്പോൾ രാസകീടനാശിനികളായ ഡൈമെത്തോയേറ്റ് 30 EC (1.5 മി.ലി. ഒരുലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ സ്പൈറോമെസിഫെൻ 22.9 % SC (8 മി.ലി. പത്തുലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) അല്ലെങ്കിൽ ഡയാഫെൻതയൂറോൺ 50% WP (1.2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത്കൂടി വീഴുന്നവിധം തളിക്കുക. കീടങ്ങൾക്ക്കീടനാശിനികളോടുള്ള പ്രതിരോധം ഉരുത്തിരിയുന്നത്തടയാൻ കീടനാശിനികൾ യുക്തിസഹമായി പരിക്രമണംചെയ്യുക. |
| കോളിഫ്ലവർ | പരിചരണം | കോളിഫ്ലവറിൻറ്റെ കർഡ്വന്നു തുടങ്ങി പകുതി മൂപ്പെത്തുമ്പോൾ സൂര്യപ്രകാശം ഏറ്റ്നിറം മഞ്ഞളിക്കാതിരിക്കാൻചുറ്റുമുള്ള 3-4 ഇലകൾകൂട്ടിച്ചേർത്തു കെട്ടികൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം-: കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS, KVASU, Mannuthy)